**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1348** **14-03-2022 - ൽ മറുപടിയ്ക്ക്**

**ശ്രീവാസുദേവ ആശ്രമം ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പേരാമ്പ്ര മണ്ഡലത്തിലെ ശ്രീവാസുദേവ ആശ്രമം ഹയർ സെക്കണ്ടറി സ്കൂൾ സർക്കാർ ഏറ്റെടുക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന വിശദാംശം ലഭ്യമാക്കാമോ; | (എ) | സ്കൂൾ ഏറ്റെടുക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് 17.02.2021 തീയതിയിലെ ജി.ഒ.(എം.എസ്)നം.82/2021/പൊ.വി.വ പ്രകാരം ഉത്തരവായിരുന്നു. ഈ ഉത്തരവ് പ്രകാരം 10.04.1967-ലെ സ.ഉ.(കൈ)നം.159/1967/ പൊ.വി.വ, 18.11.1970-ലെ സ.ഉ.(കൈ)നം.459/1970/പൊ.വി.വ എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കണമെന്നാവശ്യപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ 10.04.1967-ലെ സ.ഉ.(കൈ)നം. 159/1967/പൊ.വി.വ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കുന്നതു സംബന്ധിച്ച റിപ്പോർട്ട്/ശുപാർശ ഉണ്ടായിരുന്നില്ല. ആയതിനാൽ മേൽപ്പറഞ്ഞ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടുള്ള ശുപാർശ നൽകാൻ പൊതുവിദ്യാഭ്യാസ ഡയറക്ടറോട് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്കൂളിന്റെ മാനേജരുടെ ചുമതല നിലവിൽ ആർക്കാണെന്ന് വ്യക്തമാക്കാമോ; നിലവിൽ മാനേജറുടെ ചുമതല വഹിക്കുന്നയാൾക്ക് പൂർണ്ണ ചുമതല നൽകിക്കൊണ്ട് ഇറക്കിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) | താൽക്കാലിക മാനേജരായിരുന്ന ശ്രീ. അരങ്ങിൽ ഗോപിനാഥ് മരണപ്പെട്ടതോടുകൂടി മാനേജരുടെ ചുമതല നിലവിൽ ആരും വഹിക്കുന്നില്ല. നിലവിൽ മാനേജരെ നിയമിച്ചിട്ടില്ലാത്തതിനാൽ പൂർണ്ണ ചുമതല നൽകിക്കൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാൻ നിർവാഹമില്ല. |
| (സി) | 2012-ൽ മാനേജറുടെ മരണത്തെ തുടർന്ന് നിരീക്ഷണ കാലാവധി പൂർത്തിയാക്കാത്തതും സ്ഥാനക്കയറ്റം ലഭിക്കാത്തതുമായ എത്ര ജീവനക്കാരുണ്ടെന്നും ആരൊക്കെയാണെന്നും വിശദമാക്കാമോ; | (സി) | 18 ജീവനക്കാർ. പേര് വിവരം ചുവടെ ചേർക്കുന്നു. 1. അമ്പിളി.കെ.കെ - എച്ച്.എസ്.എസ്.റ്റി (Jr) 2. സ്റ്റെല്ല.പി.എസ് - എച്ച്.എസ്.എസ്.റ്റി (Jr) Geography 3. ശ്യാംലാൽ - എച്ച്.എസ്.എസ്.റ്റി(Jr) English 4. മഞ്ജുള കണ്ടോത്ത് - എച്ച്.എസ്.എസ്.റ്റി |

| | | | |
|---|---|---|---|
| | | | (Jr) History 5. സിന്ധു.കെ.കെ - എച്ച്.എസ്.എസ്.റ്റി (Jr) Economics 6. വിനീത്.കെ.പി - എച്ച്.എസ്.എസ്.റ്റി (Jr) Political Science 7. അനുഷ.എ - എച്ച്.എസ്.എസ്.റ്റി (Jr) Physics 8. സുനിത.ആർ - എച്ച്.എസ്.എസ്.റ്റി (Jr) Malayalam 9. അശ്വതി.എം.എ - എച്ച്.എസ്.എസ്.റ്റി (Jr) Chemistry 10. ശിൽപ.സി - എച്ച്.എസ്.എസ്.റ്റി ((Jr) Computer Application 11. ശാന്തി .എൻ.പി - എച്ച്.എസ്.എസ്.റ്റി , Commerce 12. ശ്രുതി.ആർ.ബി - എച്ച്.എസ്.എസ്.റ്റി , English 13. ബിജില സി.കെ - എച്ച്.എസ്.എസ്.റ്റി (Jr) Commerce 14. സോളമൻ ബേബി - എച്ച്.എസ്.എസ്.റ്റി (Jr) Economics 15. രജില. വി.കെ -എച്ച്.എസ്.എസ്.റ്റി(Jr) Sanskrit 16. രേഖ .എൻ- എച്ച്.എസ്.എസ്.റ്റി (Jr) Malayalam 17. ഷാജി. ഐ - ലാബ് അസിസ്റ്റന്റ് 18. സ്മിത. എസ് - ലാബ് അസിസ്റ്റന്റ് |
| (ഡി) | ഇതേ ജീവനക്കാർക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ